**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1615** **19-06-2024 - ൽ മറുപടിയ്ക്ക്**

**സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഇനങ്ങളിലെ വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | ഭൂമിയുടെ ന്യായവിലയിൽ കഴിഞ്ഞ വർഷത്തെ ബജറ്റിലുണ്ടായ വർദ്ധനവ് എത്രയാണെന്ന് അറിയിക്കുമോ; ന്യായവില വർദ്ധനവിലൂടെ കഴിഞ്ഞ വർഷം സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഇനങ്ങളിൽ എത്ര വരുമാനം ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത കാലയളവിൽ എത്ര രജിസ്ട്രേഷൻ നടന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | ഭൂമിയുടെ ന്യായവിലയിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2023-2024) 20% വർദ്ധനവാണുണ്ടായത്. ന്യായവില വർദ്ധിപ്പിച്ചതിലൂടെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ എത്ര വരുമാനം ലഭിച്ചെന്ന് പ്രത്യേകം കണക്കു സൂക്ഷിച്ചിട്ടില്ല. 2023 – 24 സാമ്പത്തിക വർഷത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 3819.8753 കോടി രൂപയും, രജിസ്ട്രേഷൻ ഫീസിനത്തിൽ 1399.4642 കോടി രൂപയും കൂടി ആകെ 5219.3395 കോടി രൂപയാണ് വരുമാനം ലഭിച്ചത്. 8,86,065 ആധാര രജിസ്ട്രേഷനുകളാണ് പ്രസ്തുത കാലയളവിൽ നടന്നിട്ടുള്ളത്. |
| (ബി) | 2022-2023 സാമ്പത്തിക വർഷം ഈ ഇനത്തിൽ എന്തു തുക പിരിച്ചെടുക്കാൻ സാധിച്ചുവെന്നും എത്ര രജിസ്ട്രേഷൻ ഈ കാലയളവിൽ നടന്നുവെന്നും വ്യക്തമാക്കാമോ? | (ബി) | 2022-2023 സാമ്പത്തിക വർഷം 10,36,863 രജിസ്ട്രേഷനുകളാണ് നടന്നത്. സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ 4,138.5966 കോടി രൂപയും, രജിസ്ട്രേഷൻ ഫീസിനത്തിൽ 1,523.5212 കോടി രൂപയും കൂടി ആകെ 5,662.1178 കോടി രൂപയാണ് വരുമാനം ലഭിച്ചത്. |

സെക്ഷൻ ഓഫീസർ